## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 267 06.01.2014-ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റ് ഉപരോധ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സെക്രട്ടേറിയറ്റ് ഉപരോധ സമരത്തെ നേരിടാൻ സംസ്ഥാനത്തിന് പുറത്തുനിന്നും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പാടാക്കിയിരുന്നത് ; | (എ) 12.08.2013-ൽ നടന്ന ഉപരോധ സമരത്തിന്റെ ഭാഗമായി കേന്ദ്രസേനയെ വരുത്തിയിരുന്നു. |
| ബി) കേന്ദ്രസേനയെ വിളിക്കാനുള്ള തീരുമാനം ആരുടേതായിരുന്നു ; മന്ത്രിസഭ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ; എങ്കിൽ എപ്പോൾ ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു; | (ബി) ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സേനയെ വിളിച്ചത്. ഇതിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിരുന്നില്ല. |
| സി) കേന്ദ്രസേന എത്ര ദിവസം സംസ്ഥാനത്തുണ്ടായിരുന്നു ; ഈ ഇനത്തിൽ സംസ്ഥാനത്തിന് എന്ത് തുകയാണ് ആകെ ചെലവ് വന്നത് ; | (സി) കേന്ദ്രസേന 10.08.2013 – നും, 13.08.2013-നും സംസ്ഥാനത്ത് എത്തുകയും 18.08.2013-ന് മടങ്ങിപ്പോയിട്ടുള്ളതുമാണ്. സി.ഐ.എസ്.എഫ്.ന്റെ മൂന്ന് കമ്പനി സംസ്ഥാനത്ത് ക്യാമ്പ് ചെയ്ത വകയിൽ 8,74,479/- ( എട്ടു ലക്ഷത്തി എഴുപത്തിനാലായിരത്തി നാനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) ചെലവായതായി കാണിച്ചുകൊണ്ട് ഒരു ബില്ല് ഓഫ് കോസ്റ്റ് സി.ഐ.എസ്.എഫ്. -ൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു കേന്ദ്ര സേനകളിൽ നിന്നും ബില്ല് ഓഫ് കോസ്റ്റ് ലഭിച്ചിട്ടില്ല. |
| ഡി) കേന്ദ്ര സേനയെ സംസ്ഥാനത്ത് എവിടെയെല്ലാം വിന്യസിക്കുകയുണ്ടായി ; വ്യക്തമാക്കുമോ? | (ഡി) കേന്ദ്ര സേനയെ ഒരിടത്തും വിന്യസിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ